(ബി) ജില്ലതിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു:

തിരുവനന്തപുരം	1750
കൊല്ലം	1027
പത്തനംതിട്ട	101
ആലപ്പുഴ	1365
എറണാകുളം	333
തൃശ്ശൂർ	565
കോട്ടയം	108
ഇടുക്കി	96
പാലക്കാട്	426
മലപ്പുറം	1815
കോഴിക്കോട്	995
കണ്ണൂർ	1425
വയനാട്	38
കാസർകോട്	209
	10273

(സി) പെൻഷൻ സ്കീമാക്കിയുടനിയാക്കാനുള്ള ഒരു നിർദ്ദേശം പരിഗണനയിലുണ്ട്.

(ഡി) ജില്ലാകളക്ടർമാരാണ് സംസ്ഥാന പെൻഷൻ അനുവദിക്കുന്നത്. ആവശ്യമായ തെളിവുകളോടെ അപേക്ഷിക്കുന്ന അർഹരായവർക്ക് എല്ലാം പെൻഷൻ അനുവദിക്കുന്നുണ്ട്.

അവശ്യസൗകര്യങ്ങളില്ലാത്ത താലൂക്ക് ഹെഡ്കാർട്ടേഴ്സ് ആശുപത്രികൾ

* 120 [122] ശ്രീ. കെ. ടി. കുഞ്ഞിരാമൻ:
,, കെ. വി. സുരേന്ദ്രനാഥ്:
,, കെ. ആർ. ചന്ദ്രമോഹനൻ:
ശ്രീമതി. ഭാർഗ്ഗവി തങ്കപ്പൻ:
ശ്രീ. എം. കെ. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രക്തബാങ്കുകൾ, എക്സ്റേ യൂണിറ്റുകൾ, ആബുലൻസ് എന്നീ സൗകര്യങ്ങൾ ഇല്ലാത്ത എത്ര താലൂക്ക് ഹെഡ്കാർട്ടേഴ്സ് ആശുപത്രികൾ സംസ്ഥാനത്തുണ്ട്:

(ബി) ഏതെല്ലാം;

(സി) ഇവയിൽ ഈ സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ എന്തെല്ലാം നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) രക്തബാങ്കുകൾ ഇല്ലാത്ത 17-ഉം എക്സ്റേ യൂണിറ്റില്ലാത്ത 7-ഉം ആബുലൻസ് ഇല്ലാത്ത 28-ഉം താലൂക്ക് ആശുപത്രികൾ സംസ്ഥാനത്തുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉകഃതബാങ്കില്ലാത്ത താലൂക്കാശുപത്രികൾ

നെടുമങ്ങാട്, കൊട്ടാരക്കര, കരുനാഗപ്പള്ളി, പത്തനംതിട്ട, ഹരിപ്പാട്, ചെങ്ങന്നൂർ, പുളിങ്കുന്ന്, വൈക്കം, നെടുങ്കണ്ടം, അടിമാലി, പെരുമ്പാവൂർ, കോതമംഗലം, ചാവക്കാട്, ചിറ്റൂർ, മണ്ണാർക്കാട്, പെരിന്തൽമണ്ണ, വൈത്തിരി.

എക്സ്റേ യൂണിറ്റില്ലാത്ത താലൂക്കാശുപത്രികൾ

നെടുമങ്ങാട്, പുളിങ്കുന്ന്, ചെങ്ങന്നൂർ, കോതമംഗലം, വൈത്തിരി, നെടുങ്കണ്ടം, അടിമാലി.

ആംബുലൻസില്ലാത്ത താലൂക്കാശുപത്രികൾ

കൊട്ടാരക്കര, കരുനാഗപ്പള്ളി, പുനലൂർ, അടൂർ, തിരുവല്ല, ഹരിപ്പാട്, മാവേലിക്കര, പുളിങ്കുന്ന്, ചേർത്തല, പാല, കാഞ്ഞിരപ്പള്ളി, ചങ്ങനാശ്ശേരി, വൈക്കം, കൊച്ചി, ആലുവ, പറവൂർ, കോതമംഗലം, മുവ്വാറ്റുപുഴ, കൊടുങ്ങല്ലൂർ, ഇരിങ്ങാലക്കുട, ചാവക്കാട്, വടക്കാഞ്ചേരി, വടകര, കൊയിലാണ്ടി, തലശ്ശേരി, തളിപ്പറമ്പ്, കാഞ്ഞങ്ങാട്, കാസർകോട്.

(സി) സാമ്പത്തിക ലഭ്യതക്കനുസരിച്ച് ഈ സൗകര്യങ്ങൾ ഇല്ലാത്ത ആശുപത്രികളിൽ ഇവ ഏർപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കുന്നുണ്ട്.

ഈ ഗവൺമെൻറ് പുറപ്പെടുവിച്ച ഓർഡിനൻസുകൾ

* 121 [123] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം എത്ര ഓർഡിനൻസുകൾ പുറപ്പെടുവിച്ചിട്ടുണ്ട്;

(ബി) ഇതിൽ എത്ര എണ്ണം ബില്ലായി നിയമസഭയിൽ അവതരിപ്പിച്ചിട്ടുണ്ട്;

(സി) എത്ര ഓർഡിനൻസുകൾ ഇനിയും നിയമമാക്കാൻ അവശേഷിക്കുന്നുണ്ട്?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) 286

(ബി) 28

(സി) 34.

LIBRARY ARCHIVES Kerala Legislative Assembly